പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 92 | 01.07.2015 ലെ മറുപടിക്ക്

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വക മാറ്റൽ

ചോദ്യം | ഉത്തരം

ശ്രീ കെ. വി. അബ്ദുൾഖാദർ
എം. എ. ബേബി
പുരുഷൻ കടലുണ്ടി
എ. കെ. ബാലൻ

ശ്രീ അനൂപ് ജേക്കബ്
( ഭക്ഷ്യവുംസിവിൽസപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി )

| | | |
|---|---|---|
| (എ) | റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്ന ഭക്ഷ്യ വസ്തുക്കൾവകമാറ്റിവിൽക്കപ്പെടുന്നതായിശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേന്ദ്ര സർക്കാർ നിശ്ചിത സമയത്തും നിശ്ചിത അളവിലും സംസ്ഥാനത്തിനു ഭക്ഷ്യ ധാന്യങ്ങൾ നല്കാതെ വരുമ്പോൾ വകമാറ്റി നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് ; |
| (ബി) | കേന്ദ്രഭക്ഷ്യകാര്യവകുപ്പ് മന്ത്രി പാർലമെന്റിൽ വെച്ച റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശമുള്ളതായി അറിയാമോ ; കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം റേഷൻ വസ്തുക്കൾ എത്ര അളവിൽ വകമാറ്റി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല ;<br>ദാരിദ്ര്യരേഖക്ക് താഴെ ഉള്ളവർക്ക് ഒരു രൂപാ നിരക്കിൽ അരി നല്കുന്ന പദ്ധതി 2011 സെപ്റ്റംബർ ഒന്നു മുതൽ നിലവിലുണ്ട് .ബി പി എൽ കാർഡ് ഉടമകൾക്കും എ എ വൈ കാർഡ് ഉടമകൾക്കും ആണ് നിലവിൽ ഒരു രൂപ നിരക്കിൽ അരി നല്കുന്നത് . ബി.പി എൽ സ്കീമിൽ 14.62 ലക്ഷം ഗുണഭോക്താക്കൾ ഉണ്ട് .2014 ജൂലൈ മാസം കേന്ദ്ര സർക്കാരിൽ നിന്ന് അഡ്ഹോക്ക് വിഹിതം ലഭ്യമാകാത്തതിനാൽ ബിപിഎൽ വിഭാഗത്തിൽ പ്പെട്ടവർക്ക് 25 KG നല്കുവാൻ എ എ വൈ സ്കീമിൽ |

| | | |
|---|---|---|
| | | നിന്നും 7448 MT വക മാറ്റി നല്കി .2014 ഓഗസ്റ്റ് മാസം മുതൽ അഡ്ഹോക്ക് വിഹിതം ലഭ്യമായതിനെ തുടർന്ന് ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി വക മാറ്റിയ അളവ് തിരികെ വച്ചിട്ടുണ്ട് ; |
| (സി) | ഇത് തടയുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന വിലയിരുത്തൽ നടത്താറുണ്ടോ; | (സി)കേന്ദ്ര സർക്കാർ നിശ്ചിത അളവിലും നിശ്ചിത സമയത്തും ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചാൽ മാത്രമേ വകമാറ്റൽ പൂർണ്ണമായും ഒഴിവാക്കാൻ കഴിയൂ.ആയതു അനുവദിക്കാതിരിക്കുന്ന സാഹചര്യത്തിൽ ബിപി എൽ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് ആവശ്യമായ അളവിൽ ഭക്ഷ്യ ധാന്യം നൽകുവാൻ സാധിക്കാതെവരുന്ന അടിയന്തര സാഹചര്യം ഉണ്ടാകാറുണ്ട്.ഇത്തരം സാഹചര്യങ്ങളിലാണ് ഭക്ഷ്യ ധാന്യങ്ങൾ വക മാറ്റി നല്കുന്നത് .അഡ്ഹോക്ക് വിഹിതമായി ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടാറുണ്ട്. അഡ്ഹോക്ക് വിഹിതം ലഭിക്കുന്ന മുറയ്ക്ക് വകമാറ്റിയ അളവ് തിരികെ വയ്ക്കാറുമുണ്ട്. |
| (ഡി) | റേഷൻ വസ്തുക്കളുടെ സംഭരണവും വിതരണവുംസംബന്ധിച്ച്പരിശോധനകൾ നടത്താറുണ്ടോ ; | ( ഡി ) ഉണ്ട് ; |
| (ഇ ) | സംസ്ഥാനത്തിന് ലഭിക്കുന്ന റേഷൻ സാധനങ്ങൾ വക | (ഇ) കേന്ദ്ര സർക്കാർ നിശ്ചിത അളവിലും നിശ്ചിത സമയത്തും ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചാൽ മാത്ര |

| | | |
|---|---|---|
| | മാറ്റുന്നത് തടയുന്നതിനും യഥാസമയം വിതരണം നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | മേ വകമാറ്റൽ പൂർണ്ണമായും തടയാൻ കഴിയൂ.റേഷൻ സാധനങ്ങൾ യഥാസമയം വിതരണം നടത്തുന്നതിനായി നിലവിൽ സാധാരണ ആലോട്ട്മെന്റിനു പുറമെ അധിക വിഹിതമായും ലഭ്യമാകുന്നതിനാൽ ഭക്ഷ്യധാന്യങ്ങൾ വകമാറ്റേണ്ട ആവശ്യം വരുന്നില്ല . |

സെക്ഷൻ ഓഫീസർ